**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2024** **16-03-2022 - ൽ മറുപടിയ്ക്ക്**

**കോവിഡ് 19 സമാശ്വാസ സഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ | | null<br>(മുഖ്യമന്ത്രി) | |
| (എ) | കോവിഡ് 19 സമാശ്വാസ നടപടികളുടെ ഭാഗമായി പ്രവാസികളുടെ ക്ഷേമത്തിനായി ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | കോവിഡ് 19 സമാശ്വാസ നടപടികളുടെ ഭാഗമായി സംസ്ഥാന സർക്കാർ നോർക്ക-റൂട്ട്സ്, കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് എന്നിവ മുഖേന പ്രവാസികളുടെ ക്ഷേമത്തിനായി നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു. കോവിഡ് -19 പശ്ചാത്തലത്തിൽ, 2020 ജനുവരി ഒന്ന് മുതൽ 2020 മെയ് 5 വരെ വിദേശ രാജ്യങ്ങളിൽ നിന്നും സാധുവായ പാസ്പോർട്ട്/ തൊഴിൽ വിസ എന്നിവയുമായി നാട്ടിലെത്തി ലോക്ഡൗൺ കാരണം തൊഴിലിടങ്ങളിലേക്ക് തിരികെപോകാൻ കഴിയാത്തവർക്ക് നോർക്ക-റൂട്ട്സ് മുഖേന 5,000/- രൂപ അടിയന്തര ധനസഹായവും, കോവിഡ് ബാധിച്ച പ്രവാസികളിൽ, പ്രവാസി ക്ഷേമനിധി ബോർഡ് അംഗത്വമുള്ളവർക്ക് ക്ഷേമനിധി ബോർഡ് മുഖേനയും, മറ്റുള്ളവർക്ക് നോർക്ക റൂട്ട്സ് മുഖേനയും 10,000/- രൂപ വീതം ധന സഹായവും അനുവദിച്ചിട്ടുണ്ട്. കോവിഡ്-19 മഹാമാരിയുടെ ആദ്യ ഘട്ടത്തിലും, രണ്ടാം തരംഗത്തിലും പ്രവാസി ക്ഷേമനിധി പെൻഷൻ കൈപ്പറ്റുന്നവരിൽ അർഹരായവർക്ക് 1,000/- രൂപ വീതം ധനസഹായം നൽകുകയും, അംശദായം കുടിശ്ശിക കാരണം പ്രവാസി ക്ഷേമനിധി അംഗത്വം റദ്ദായവർക്ക് അംഗത്വം പുനഃസ്ഥാപിക്കുന്നതിന് ചുമത്തിയിരുന്ന പിഴയും പിഴപലിശയും, 6 മാസക്കാലത്തേക്ക് ഒഴിവാക്കി നൽകുകയും ചെയ്തിട്ടുണ്ട് . കോവിഡ്-19 ബാധിച്ച് മരണമടഞ്ഞ പ്രവാസികളുടെ കുടുംബങ്ങൾക്ക് മാനദണ്ഡ ങ്ങൾക്ക് വിധേയമായി സാന്ത്വന പദ്ധതി പ്രകാരം പരമാവധി ഒരുലക്ഷം രൂപയും, പ്രവാസി ക്ഷേമനിധിയിൽ അംഗമായിരിക്കെ മരണമടഞ്ഞവരുടെ ആശ്രിതർക്ക് അൻപതിനായിരം രൂപയും മരണാനന്തര ധനസഹായമായി അനുവദിക്കുകയും, ആർ.പി ഫൗണ്ടേഷന്റെ സാമ്പത്തിക പിന്തുണയോടെ |

| | | | |
|---|---|---|---|
| | | | നോർക്ക റൂട്ട്സ് നടപ്പിലാക്കിയിട്ടുള്ള പ്രവാസി തണൽ പദ്ധതി പ്രകാരം കോവിഡ് മൂലം മരണമടഞ്ഞ/തിരിച്ചെത്തിയ പ്രവാസികളുടെ അവിവാഹിതരായ പെൺമക്കൾക്ക് 25,000/- രൂപ വീതം ഒറ്റത്തവണ വിവാഹ ധനസഹായം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട് . കോവിഡ്-19 പശ്ചാത്തലത്തിൽ, സാന്ത്വന പദ്ധതിയുടെ ഗുണഫലം കൂടുതൽ പേർക്ക് ലഭ്യമാക്കുന്നതിനായി നടപ്പ് സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതം 27 കോടി രൂപയിൽ നിന്ന് 30 കോടി രൂപയായി ഉയർത്തുകയും, പ്രവാസികൾക്കായുള്ള പുനരധിവാസ പദ്ധതിയായ NDPREM-ന്റെ പദ്ധതി വിഹിതം 18 കോടിയിൽ നിന്ന് 24.4 കോടി രൂപയായി വർധിപ്പിക്കുകയും ചെയ്തു. കോവിഡ് 19 മൂലം തൊഴിൽ നഷ്ടപെട്ട് മടങ്ങിയെത്തിയ പ്രവാസികൾക്കായി 50 കോടി രൂപ വകയിരുത്തി പ്രവാസി ഭദ്രത എന്ന പേരിൽ പ്രവാസി പുനരധിവാസ ഏകോപന സംയോജന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി. നാനോ എൻറർപ്രൈസ് അസിസ്റ്റൻറ്സ് സ്കീം (പ്രവാസി ഭദ്രത - പേൾ), മൈക്രോ എൻറർപ്രൈസ് അസിസ്റ്റൻറ്സ് സ്കീം (പ്രവാസി ഭദ്രത - മൈക്രോ), സ്പെഷ്യൽ അസിസ്റ്റൻറ്സ് സ്കീം (പ്രവാസി ഭദ്രത - മെഗാ) എന്നീ തൊഴിൽ സംരംഭകത്വ പദ്ധതികളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. കോവിഡ് മൂലം വിദേശത്തുള്ള ജോലി നഷ്ടപ്പെട്ടവരും, മരണപ്പെട്ടവരുമായ പ്രവാസികളുടെ കുടുംബങ്ങൾക്ക്/ ആശ്രിതർക്ക് വിദേശത്തെ തൊഴിൽ ദാതാക്കളിൽ നിന്ന് അർഹമായ ഇൻഷ്വറൻസ് ഉൾപ്പെടെയുള്ള സേവനാനുകൂല്യങ്ങൾ നേടിയെടുക്കുന്നതിന് വിദേശകാര്യ മന്ത്രാലയങ്ങളുടെയും ബന്ധപ്പെട്ട എംബസികളുടെയും ശ്രദ്ധയിൽപ്പെടുത്തി നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | സമാശ്വാസ സഹായമായ അയ്യായിരം രൂപ എത്ര പ്രവാസികൾക്ക് ലഭ്യമായി എന്ന് അറിയിക്കാമോ? | (ബി) | കോവിഡ് -19 പശ്ചാത്തലത്തിൽ, 2020 ജനുവരി ഒന്ന് മുതൽ 2020 മെയ് 5 വരെ വിദേശ രാജ്യങ്ങളിൽ നിന്നും സാധുവായ പാസ്പോർട്ട്/ തൊഴിൽ വിസ എന്നിവയുമായി നാട്ടിലെത്തി ലോക്ഡൗൺ കാരണം തൊഴിലിടങ്ങളിലേക്ക് തിരികെപോകാൻ കഴിയാതെ വന്ന 134823 പ്രവാസികൾക്ക് 5,000/- രൂപ വീതം ധനസഹായം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ